

# ഗവ.എൽ.പി.സ്കൂൾ, കേച്ചേരി

## സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 - 2026

## ഗവ.എൽ.പി.സ്കൂൾ ,കേച്ചേരി

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടൊപ്പം അക്കാദമിക മുന്നേറ്റത്തിനും ലക്ഷ്യം വയ്ക്കുകയാണ് പൊതു വിദ്യാലയങ്ങൾ. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുതകുന്ന അക്കാദമിക ഇടപെടലുകൾ മുൻകൂട്ടി ആസൂത്രണം ചെയ്ത തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർപ്ലാനുകൾ ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏറെ സഹായകരമാണ്. ഏറ്റെടുക്കുന്ന പ്രൊജക്ടുകൾ മികച്ച രീതിയിൽ പൂർത്തിയാക്കുന്ന മാതൃകയാണ് ജി.എൽ.പി.എസ്. കേച്ചേരി എന്നും മുന്നോട്ടുവച്ചിട്ടുള്ളത്. വിദ്യാലത്തിൽ പൂർത്തീകരിച്ച 'കിളിക്കൊഞ്ചൽ എന്ന സവിശേഷ പഠന ഇടങ്ങളോടുകൂടിയ നവീകരിച്ച പ്രീ-പ്രൈമറി വിഭാഗം ഒരു ഉദാഹരണം മാത്രമാണ്. പൊതു സമൂഹത്തിന്റെ ഉറച്ച പിന്തുണകൊണ്ട് വരും വർഷങ്ങളിലും മികവ് തുടർന്നുപോരാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിനു കരുത്തുപകരുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിരിക്കുന്നത്.

**അസ്ബർ കെ.എ.**
പി.ടി.എ. പ്രസിഡന്റ്

**സജിത പി.ബി**
ഹെഡ്മിസ്ട്രസ്സ്

**ഹസീന പി. എ.**
എം.പി.ടി.എ. പ്രസിഡന്റ്

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി.എൽ.പി.എസ്., കേച്ചേരി |
| മേൽവിലാസം | : | കേച്ചേരി, തൃശൂർ |
| ഫോൺ | : | 04885 240427 |
| സ്കൂൾ കോഡ് | : | 24303 |
| വിദ്യാഭ്യാസ ഉപജില്ല | : | കുന്നംകുളം |
| വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| റവന്യൂ ജില്ല | : | തൃശൂർ |
| ബി.ആർ.സി. | : | ചൊവ്വന്നൂർ |
| സി.ആർ.സി | : | ചൂണ്ടൽ |
| ഗ്രാമപഞ്ചായത്ത് | : | ചൂണ്ടൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചൊവ്വന്നൂർ |
| നിയമസഭാമണ്ഡലം | : | മണലൂർ |
| ലോകസഭാ മണ്ഡലം | : | തൃശൂർ |
| താലൂക്ക് | : | കുന്നംകുളം |
| വില്ലേജ് | : | എരനെല്ലൂർ |
| facebook | : | Glps Kechery Glps Kechery |
| സ്കൂൾ വിക്കി | : | GLPS KECHERY |

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

ചൂണ്ടൽ പഞ്ചായത്ത് പ്രദേശത്തിന് വർഷങ്ങൾക്ക് മുമ്പു തന്നെ തനതായ ഒരു വിദ്യാഭ്യാസ സംസ്കാരമുണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിലും നിലനിന്നിരുന്ന ഗുരുകുലവിദ്യാഭ്യാസവും കുടിപള്ളിക്കൂടങ്ങലും ഇവിടെയും ഉണ്ടായിരുന്നു. ഇതിലെ അധ്യാപകരെ എഴുത്താശാൻ എന്നാണ് വിളിച്ചിരുന്നത്. ഗുരുകുല വിദ്യാഭ്യാസത്തിൽ സംസ്കൃതത്തിനായിരുന്നു പ്രാമുഖ്യം.

ബ്രിട്ടീഷ് ആധിപത്യകാലത്ത് എല്ലാ കുട്ടികളും ഫീസ് കൊടുക്കേണ്ടതുണ്ടായിരുന്നു. എന്നാൽ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് ബ്രിട്ടീഷ് സർക്കാർ പുസ്തകം, സ്ലേറ്റ്, പെൻസിൽ, രണ്ട് തോർത്തുമുണ്ട് ഇവ നൽകിയിരുന്നു. കൂടാതെ ഫീസിളവും നൽകിയിരുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും ഭൂരിഭാഗം കുട്ടികളും സ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നില്ല. പ്രത്യേകിച്ച് പിന്നോക്കവിഭാഗങ്ങളിലെ കുട്ടികൾ. അഞ്ചാം ക്ലാസിനു മുമ്പായി പ്രീപ്രാക്ടറി അഥവാ നാലര ക്ലാസ് എന്ന രീതിയിലുള്ള പ്രത്യേകത അക്കാലത്തുണ്ടായിരുന്നു. പാഠ്യപദ്ധതി ലഘുവും ലളിതവുമായിരുന്നു. കൊച്ചിരാജ്യത്തിലെ വിദ്യാർത്ഥികൾക്ക് മദിരാശി സർവ്വകലാശാല ബിരുദമാണ് ലഭിച്ചിരുന്നത്.

കൊച്ചിരാജ്യത്തെ തന്നെ ആദ്യത്തെ ചുരുക്കം ചില വിദ്യാലയങ്ങളിൽ ഒന്നാണ് ജി.എൽ.പി.എസ്. കേച്ചേരി. ആദ്യകാലങ്ങളിൽ കേച്ചേരിയിലെ ആളുകൾ വിദ്യാഭ്യാസത്തിനുവേണ്ടി എത്തിയിരുന്ന സ്കൂൾ മലയാള പ്രൈമറി സ്കൂൾ ആയിരുന്നു. ഇത് ഇന്നത്തെ സിറ്റി പാലസ് നിൽക്കുന്ന സ്ഥലത്തായിരുന്നു. 1916-ൽ ആരംഭിച്ച ഈ സ്കൂൾ അഹമ്മദ് എന്നൊരാളാണ് നടത്തിയിരുന്നത്. മുന്നോറോളം കുട്ടികളും 20 അധ്യാപകരും ഉണ്ടായിരുന്ന ഒരു എൽ.പി. സ്കൂളായിരുന്നു ഇത്. ഇവിടെ നാലരക്ലാസുമുണ്ടായിരുന്നു അന്ന്. അധ്യാപകർക്കുള്ള വേതനം ബ്രിട്ടീഷ് സർക്കാർ മാനേജർമാരെ

ഏൽപ്പിക്കുകയായിരുന്നു. മാനേജർ ഇത് വെട്ടികുറച്ച് തുച്ഛമായ വേതനമാണ് അധ്യാപകർക്ക് നൽകിയിരുന്നത്. അന്നത്തെ ഹെഡ്മാസ്റ്റർ ജനാഹ് അബ്ദു റഹ്മാൻ മാസറ്ററായിരുന്നു.

അഹമ്മദ് പെട്ടെന്ന് ആ സ്ഥലം വിറ്റപ്പോൾ അന്നുണ്ടായിരുന്ന അധ്യാപകർ അവിടത്തെ പ്രധാന വീട്ടുകാരുമായി ബന്ധപ്പെട്ട് അവരുടെ കയ്യാലകളിലും പൂമുഖങ്ങളിലും ഗ്രാമോദ്ധാരണ സഹകരണ സംഘത്തിന്റെ ഉമ്മറത്തുമാണ് അധ്യാപനം നടത്തിയിരുന്നത്. തുടർന്ന് 6 മാസം കഴിഞ്ഞപ്പോൾ കപ്രശ്ശേരി കുഞ്ചുണ്ണികൈമൾ നേതൃത്വം കൊടുത്ത് ഇന്ന് കാണുന്ന സ്ഥലത്ത് ഓലകൊണ്ട് മേഞ്ഞ ഒരു കെട്ടിടം ഉണ്ടാക്കി. അന്തപ്പൻ മാസ്റ്റർ, കുഞ്ഞുണ്ണി മാസ്റ്റർ, കുരിത് മാസ്റ്റർ, ഗോപാലൻ മാസ്റ്റർ, ശേഖരൻ മാസ്റ്റർ, ശങ്കുണ്ണി മാസ്റ്റർ, താണ്ടമ്മ ടീച്ചർ എന്നിവരാണ് ആദ്യകാലത്തെ പ്രമുഖ അധ്യാപകർ.

ഐ.എം. മേനോൻ വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന കാലത്ത് ഇവിടുത്തെ അധ്യാപകർ ഈ സ്കൂൾ ഗവൺമെന്റിലേയ്ക്ക് എഴുതികൊടുത്തു. 1945 ചിങ്ങ 1 ന് ഗവൺമെന്റ് സ്കൂൾ ഏറ്റെടുത്തു. അങ്ങനെ ഇത് ഗവ. എൽ.പി.സ്കൂൾ കേച്ചേരിയായി. അന്ന് ഓരോ ക്ലാസും 9 ഡിവിഷൻ വീതം ഉണ്ടായിരുന്നു.

# നിലവിലെ അവസ്ഥാവിശകലനം

97½ സെന്റ് വിസ്തീർണ്ണമുള്ള വിശാലമായ കളിസ്ഥലത്തോടു കൂടിയ ഈ വിദ്യാലത്തിന് നാല ബ്ലോക്കുകളിലായി 15 ക്ലാസ് മുറികളുണ്ട്. അതിൽ ഒരു ബ്ലോക്കിൽ 4 പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. സർക്കാർ ഓണറേറിയം ലഭിക്കുന്ന രണ്ട് അധ്യാപകരും ഒരു ആയയും കൂടാതെ പി. ടി.എ. നിയമിച്ച ഒരു അധ്യാപികയും ഒരു ആയയും അവിടെ സേവനമനുഷ്ഠിക്കുന്നു. മൂന്ന് ക്ലാസ്സിലും കൂടി ആകെ 117 പ്രീ-പ്രൈമറി വിദ്യാർത്ഥികളുണ്ട്. മറ്റ് രണ്ട് ബ്ലോക്കുകളിൽ 11 ക്ലാസ് മുറികളിൽ പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. അവിടെ 282 വിദ്യാർത്ഥികളും പ്രധാനാധ്യാപികയും 11 പ്രൈമറി അധ്യാപകരും രണ്ട് അറബിക് അധ്യാപികമാരും ഉൾപ്പെടെ 14 അധ്യാപകരുമുണ്ട്. സ്കൂളിന്റെ മുൻഭാഗത്ത് പ്രധാനാധ്യാപികയുടെ ഓഫീസും അതിനോട് ചേർന്ന് സ്റ്റാഫ് റൂമും സ്ഥിതി ചെയ്യുന്നു. ഈ ബ്ലോക്കിന്റെ മുകളിൽ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഒരു ഓഡിറ്റോറിയം പണി പൂർത്തിയാക്കിയിട്ടുണ്ട്. വിദ്യാലത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ബ്ലോക്കിൽ അഞ്ച് ക്ലാസ് മുറികളുണ്ട്. പ്രൈമറി വിഭാഗത്തിൽ ഒരു പി.ടി.സി.എം. കൂടി സേവനമനുഷ്ഠിക്കുന്നു. ഒരു ബ്ലോക്കിൽ യൂറിനൽ, ടോയ്‌ലറ്റ് എന്നിവ സജ്ജീകരിച്ചിരിക്കുന്നു. പെൺകുട്ടികൾക്ക് രണ്ട് യൂറിനലും രണ്ട് ടോയ്‌ലറ്റും ആൺകുട്ടികൾക്ക് മൂന്ന് യൂറിനലും രണ്ട് ടോയ്‌ലറ്റും ഇവിടെയുണ്ട്. പ്രീ-പ്രൈമറി ബ്ലോക്കിനോട് ചേർന്ന് ചെറുതാണെങ്കിലും വൃത്തിയുള്ളതും അടച്ചുറപ്പുള്ളതുമായ ഒരു അടുക്കളയുണ്ട്. കടുത്ത വേനലിലും വറ്റാത്ത വലിയ ഒരു കിണറും പഞ്ചായത്തിന്റെ വാട്ടർകണക്ഷനും ജല ലഭ്യത ഉറപ്പാക്കുന്നു. എം.എൽ.എ.  പി.എ. മാധവൻ അവറുകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഒരു സ്കൂൾ ബസ് ലഭിച്ചിട്ടുണ്ട്. അതിൽ ഡ്രൈവറേയും കുട്ടികളുടെ സുരക്ഷയ്ക്കായി ഒരു ആയയേയും പി.ടി.എ. നിയമിച്ചിട്ടുണ്ട്. അത് വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കുന്നു.

ഇവ കൂടാതെ ഔഷധത്തോട്ടം,പൂന്തോട്ടം,പച്ചക്കറിത്തോട്ടം,കുട്ടികൾക്കുള്ള പാർക്ക് ,കളിയുപകരണങ്ങൾ,ലൈബ്രറി പുസ്തകങ്ങൾ എന്നിവയും ഈ വിദ്യാലയത്തിലുണ്ട്.

നമ്മുടെ വിദ്യാലയം ഹരിതവിദ്യാലയമായി പ്രഖ്യാപിച്ചു.മാതൃകാപരമായ മഴവെള്ള സംഭരണം ,മാലിന്യനിർമ്മാർജ്ജനം ,സോളാർ പ്ലാന്റ് ,ജൈവ വൈവിധ്യതോട്ടം എന്നിവ ഫലപ്രദമായി പ്രവർത്തിച്ചിരുന്നു.

2022 - 2023 ൽ 9 LSS വിജയികളും 2024 - 25 ൽ 9 LSS വിജയികളും വിദ്യാലയത്തിന്റെ ശോഭ കൂട്ടുന്നു.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പ് വരുത്തുക
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിച്ച് അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുക.
6. ഓരോ ടേമിലും കുട്ടികൾ നേരിടേണ്ട അറിവും കഴിവും ക്ലാസ് പി.ടി. എ.കളിൽ രക്ഷിതാക്കളെ ബോധിപ്പിക്കുക.
7. മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ ലഭ്യമാക്കുക.
8. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
9. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
10. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
11. ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അപഹർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
12. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക
13. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

| അക്കാദമികം | |
|---|---|
| **നേട്ടങ്ങൾ** | **പരിമിതികൾ** |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | *മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി കൈവരിക്കാൻ കഴിഞ്ഞില്ല. |
| * ആധുനിക രീതിയിലുള്ള ശിശുസൗഹൃദമായ കെട്ടിട സമുച്ചയം | *കുട്ടികൾക്ക് വായനാശീലം വളർത്തുന്നതിന് ലൈബ്രറി സംവിധാനങ്ങൾ മെച്ചപ്പെടാനുണ്ട്. |
| * ആധുനിക വിവര സാങ്കേതിക വിദ്യയി ലൂന്നിയുള്ള പഠന സൗകര്യം | *കുട്ടികൾക്ക് മികച്ചരീതിയിലുള്ള കായിക പരിശീലനം ലഭ്യമാക്കേണ്ടതുണ്ട്. |
| * പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'കൈത്താങ്ങ്' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | *കുട്ടികൾക്ക് കല - പ്രവർത്തിപരിചയ മേഖലകളിൽ പരിശീലനം നൽകുന്നതിന് സ്പെഷ്യൽ ടീച്ചേഴ്സ്നെ ലഭ്യമാക്കേണ്ടതുണ്ട്. |
| *സർഗാത്മക വേദികൾ,ആശയ പ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം | |
| *പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു | |
| *എൽ.എസ്.എസ് വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം. | |
| *കാർഷിക പ്രവർത്തികൾ ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ | |
| *പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനുതകുന്ന'ലക്കി സ്റ്റാർ', 'ഷൈനിങ് സ്റ്റാർ ക്വിസ്' പരിപാടികൾ. | |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസത്തിനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്സ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠ ഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
5. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
3. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവർത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. പഠന പ്രവർത്തനങ്ങളുമായി പ്രവർത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിന് ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണെന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ-കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരുടെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ശരിയായ ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. കാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാകുട്ടികളേയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. അറബിഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസുകളിൽ ഒരുക്കുക.
4. നല്ല മൂല്യമനോഭാവങ്ങൾ ഭാഷാപഠനത്തിലൂടെ ഉറപ്പുവരുത്തുക.
5. ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കുനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

| നമ്പർ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | Reading Card Workshop | Term - 1 | Teachers & CPTA | 1000 /- |
| 2 | English Bulletin | Term (3 times) | Teachers & PTA | 2000 /- |
| 3 | വായനോത്സവം | ജൂൺ -മാർച്ച് | അധ്യാപകർ | 3000 /- |
| 4 | കൂട്ടെഴുത്ത് | ആഗസ്റ്റ്-മാർച്ച് | ക്ലാസ്സ് ടീച്ചർ | 1000 /- |
| 5 | ക്ലാസ്സ് റൂം ലാബുകൾ | ആഗസ്റ്റ് | Teacher & PTA | 50000 /- |
| 6 | ഷൈനിങ്ങ് സ്റ്റാർ | ജൂൺ - മാർച്ച് | അധ്യാപകർ | |
| 7 | ലക്കി സ്റ്റാർ | ജൂൺ -മാർച്ച് | അധ്യാപകർ | |
| 8 | പാട്ടരങ്ങ് | ജൂൺ - മാർച്ച് | Teachers& CPTA | 1000 /- |
| 9 | കാവ്യോത്സവം | ജൂൺ - മാർച്ച് | അധ്യാപകർ | 1000 /- |
| 10 | രചനോത്സവം | ജൂൺ - മാർച്ച് | അധ്യാപകർ | 2000 /- |
| 11 | ശില്പശാല | ജൂലൈ - മാർച്ച് | Teachers& PTA | 8000 /- |
| 12 | ടാലന്റ് ലാബ് | ജൂലൈ - മാർച്ച് | PTA& പരിശീലകർ | 10,000 /- |
| 13 | അക്ഷരച്ചെപ്പ് | ജൂൺ - മാർച്ച് | അധ്യാപകർ | 2000 /- |

# മലയാളം

പ്രവർത്തനം -1 : അക്ഷരകൂട്ടം (വായന കോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ക്ലാസ്സുകളിൽ പ്രത്യേകം വായനാമൂല ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം -2**

**പേര് : എന്റെ പിറന്നാൾ പുസ്തകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ക്ലാസ്സുകളിൽ സജ്ജീകരിച്ച വായനമൂലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ, പിറന്നാൾ പുസ്തകം പരിപാടിയിലൂടെ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം -3**

**പേര് : സ്കൂൾ ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ചുമതലയുള്ള ടീച്ചർ | SSK |

**പ്രവർത്തനം - 4**

**പേര് : പത്രവായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉച്ചാരണശുദ്ധി യോടെയും അർത്ഥപൂർണ്ണ മായും വായിക്കുക | അസംബ്ലിയിൽ ഒരു ദിവസം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം - 5**

**പേര് : സർഗ്ഗവേള**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥ പൂർണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

# ഇംഗ്ലീഷ്

## പ്രവർത്തനം-1

പേര് : **ഇംഗ്ലീഷ് അസംബ്ലി** ഉപമേഖല : **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് അവ സരം നൽകൽ | Self Indtroduction Readers Theatre Book Review Skit Conversa-tion picture description News paper Reading Thought | ആഴ്ചയിൽ രണ്ട് ദിവസം | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം-2

പേര് : **ഇംഗ്ലീഷ് ബുള്ളറ്റിൻ** ഉപമേഖല : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് അവസര മൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീ ഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു. | ഓരോമാ സവും | ക്ലാസ് ടീച്ചർ SSK | 5000 |

## പ്രവർത്തനം-3

പേര് : **ക്ലാസ് ലൈബ്രറി** ഉപമേഖല : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വായന പരിപോഷിപ്പി ക്കൽ | ക്ലാസ് ലൈബ്രറിയിലേ യ്ക്കാവശ്യമായ ഇംഗ്ലീഷ് വായനാ സാമഗ്രികൾ ശേഖ രിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ SSK | |

**പ്രവർത്തനം-4**

പേര് : **Reading card workshop** ഉപമേഖല : **വായനസാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂലായ് | ഇംഗ്ലീഷ് ക്ലബ് | 1000 |

**പ്രവർത്തനം-5**

പേര് : **Work sheet and work shop**

ഉപമേഖല : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടൽ | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു. | ആഗസ്റ്റ് | SRG | 3000 |

**പ്രവർത്തനം-6**

പേര് : **Lingua Aesta** ഉപമേഖല : **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **Explore the world of English** | കുട്ടികളുടെ സർഗവാസന വികസിപ്പിക്കുന്നതിനാവ്ശ്യമായ പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ | 2000 |

## ഗണിതം

**പ്രവർത്തനം-1**

പേര് : **ഗണിത - ശിൽപശാല**

ഉപമേഖല : TLM, **കളി ഉപകരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തി പഠനോപകരണങ്ങളും കളിയുപകരണങ്ങളും തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | ക്ലാസ് ടീച്ചേഴ്സ് CPTA | 8000/- |

**പ്രവർത്തനം-2**

പേര് : **എന്റെ മഞ്ചാടി സഞ്ചി**

ഉപമേഖല : **ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങൾ ആർജിക്കുന്നതിന് | എല്ലാകുട്ടികൾക്കും ഗണിത കിറ്റും എല്ലാ ക്ലാസ്സുകളിലും ഗണിതമൂലയും ക്രമീകരിക്കൽ. അവയുപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | 2000 |

**പ്രവർത്തനം-3**

പേര് : **സെറ്റ് ആയോ?** ഉപമേഖല : **യൂണിറ്റ് വിലയിരുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റേയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം-4**

പേര് : **ഗണിത കൂട്ടായ്മ**

ഉപമേഖല : **സി.പി.ടി.എ. ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലേയും മുഴുവൻ വിദ്യാർത്ഥികളും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസ്സിലും ഗണിത പാഠങ്ങളിലെ തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കുട്ടിയെ പ്രാപ്തമാക്കാൻ ആവശ്യമായ പിന്തുണ നൽകാൻ രക്ഷിതാക്കളെ സജ്ജരാക്കുന്നു | ഓരോ ടേമിലും | ക്ലാസ് ടീച്ചർ CPTA | |

**പ്രവർത്തനം-5**

പേര് : **ലളിത ഗണിതം**

ഉപമേഖല : **ഗണിത പഠനാനുഭവനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പ്രശ്നങ്ങളും അടിസ്ഥാന ഗണിത ക്രിയകളും അനുഭവങ്ങളിലൂടെ നിർദ്ധാരണം ചെയ്യാൻ എല്ലാ വിദ്യാർത്ഥികൾക്കും കഴിയുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യുന്നു. ക്ലാസ്സുകൾ ഒരുക്കുന്നു. | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | 1000/- |

# പരിസര പഠനം

## പ്രവർത്തനം-1

പേര് : **പ്രകൃതി നിരീക്ഷണം**

ഉപമേഖല : **വർഗീകരണം**

| ഇനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നിരീക്ഷണം | നിരീക്ഷണ വർഗീകരണത്തിലൂടെ ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | നിരീക്ഷണം, പട്ടികപ്പെടുത്തൽ, വർഗീകരണം, നിഗമനം | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം-2

പേര് : **കൂട്ടെഴുത്ത്**

ഉപമേഖല : **വിവരശേഖരണം**

| ഇനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കൂട്ടെഴുത്ത് | ശാസ്ത്രീയ അന്വേഷണ ത്വര വളർത്തുക | ശേഖരിച്ച വിവരങ്ങളെ രേഖപ്പെടുത്തി ചുമർപത്രിക തയ്യാറാക്കുക | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം-3

പേര് : **ശാസ്ത്ര ലാബ്**

ഉപമേഖല : **ശാസ്ത്രമൂല ശാക്തീകരണം**

| ഇനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്ര മൂല | ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം - 4**

**പേര് : ലഘു പരീക്ഷണം**

**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ഇനം | ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പരീക്ഷണ കുറിപ്പ് | പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തി പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ലക്ഷ പരീക്ഷണങ്ങൾ ചെയ്യുന്നു കുറിപ്പ് തയ്യാറാക്കുന്നു . | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം - 5**

**പേര് : ഷൈനിങ്ങ് സ്റ്റാർ**

**ഉപമേഖല : പൊതുവിജ്ഞാനം**

| ഇനം | ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ക്വിസ് | പൊതുവിജ്ഞാനം വളർത്തുക | പത്രവാർത്തകളെ ആസ്പദമാക്കി ഡെയിലി ക്വിസ് ,ദിനാചരണവുമായി ബന്ധപ്പെട്ട ക്വിസ്,മാസംതോറും | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

**പ്രവർത്തനം - 6**

**പേര് :വിവരസാങ്കേതിക വിദ്യയിൽ പരിശീലനം**

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട IT,ICT പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം - 7**

**പേര് : ടാലന്റ് ലാബ്**

| ഇനം | ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ടാലന്റ് ലാബ് | കുട്ടികളുടെ വിവിധങ്ങളായ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുക | കരാട്ടെ,ചെസ്സ്,യോഗ എന്നീ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം | ജൂലൈ മുതൽ ഫെബ്രുവരി വരെ | PTA പരിശീലനം | 10,000 |

**പ്രവർത്തനം : ക്ലാസ്സ് റൂം ലാബുകൾ**

ഉപമേഖല : TLM,കളി ഉപകരണങ്ങൾ

**ആമുഖം** :- പ്രവർത്തനത്തിലൂടെ അറിവു നിർമാണം നടത്താൻ കുട്ടിയെ സഹായിക്കുവാൻ ഓരോ ക്ലാസ്സ്റൂമും ഓരോ ലാബുകളായി മാറുന്നു .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളിലേർപ്പെട്ട് അറിവു നിർമാണത്തിലേക്കു നയിക്കുന്നതും അനുഭവാധിഷ്ഠിതവുമായ സൂക്ഷ്മ ചിന്താപ്രക്രിയയെക്കുറിച്ച് വ്യക്തത കൈവരിക്കുന്നു | 1. TLM ലിസ്റ്റ് തയ്യാറാക്കൽ | മെയ് | അധ്യാപകർ | |
| | | | | |
| | 2.ശില്പശാല TLM നിർമാണം | ജൂലൈ | അധ്യാപകർ | 5,000 /- |
| | | | PTA | |
| | | | രക്ഷിതാക്കൾ | |
| | | | BRC | |
| | | | | |
| | 3.ലാബ് സജ്ജീകരണം | ജൂൺ -ആഗസ്റ്റ് | അധ്യാപകർ | 43,000/- |
| | | | PTA | |
| | | | CPTA | |
| | | | BRC | |
| | | | | |
| | 4.ലാബ് ഉദ്ഘാടനം | ആഗസ്റ്റ് | അധ്യാപകർ | 2,000 /- |
| | | | PTA | |
| | | | CPTA | |
| | | | BRC | |
| | | | | |
| | 5. ഇന്ററാക്ടീവ് ക്ലാസ്സസ്സ് | ജൂലൈ - മാർച്ച് | അധ്യാപകർ | |
| | | | CPTA | |
| | | | | |

# ഉപസംഹാരം

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതിനോടൊപ്പംനിൽക്കുന്ന അക്കാദമിക, പാഠാനുബന്ധ മികവാണ് വിദ്യാലയം ലക്ഷ്യം വയ്ക്കുന്നത്. പ്രകൃതിയെക്കുറിച്ചും ചുറ്റുപാടുകളെ കുറിച്ചും അറിവും കരുതലുമുള്ള, സാഹോദര്യവും സാമൂഹ്യബോധവുമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാനുള്ള ഈ വിദ്യാലത്തിന്റെ ശ്രമങ്ങളോട് ഒത്തുപോകുന്ന പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്. തീർച്ചയായും ഇത് അപൂർണ്ണ മാണെന്ന തിരിച്ചറിവോടെത്തന്നെ ഈ വിദ്യാലത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന എല്ലാവർക്കും ഈ മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.